(6) പാലക്കാട് ജില്ലയിൽ കുടുംബ കോടതി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ ജില്ലയായ പാലക്കാട് ഒരു കുടുംബ കോടതിയില്ല. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ജില്ലയിൽ സ്ത്രീധന സമ്പ്രദായം ഇന്നും ശക്തമാണ്. സ്ത്രീധനത്തിന്റെ പേരിൽ കുടുംബ പ്രശ്നങ്ങളും, പീഡനങ്ങളും, ആത്മഹത്യയും കൊലപാതകവും വളരെ കൂടുതലാണ്. വൈകികിട്ടുന്ന നീതി നീതിനിഷേധിക്കുന്നതിനു തുല്യമാണ്. കുടുംബപ്രശ്നങ്ങൾക്ക് പെട്ടെന്ന് പരിഹാരം കാണാൻ കുടുംബ കോടതി ജില്ലയിൽ അനുവദിക്കാത്തതുമൂലം കേസുകളൊക്കെ പോലീസ് സ്റ്റേഷനിലേക്കും കോടതിയിലേക്കുമാണ് പോകുന്നത്. ഏകദേശം മൂവായിരത്തോളം കേസുകൾ ജില്ലാ കോടതിയിൽ കെട്ടിക്കിടക്കുകയാണ്. വിവാഹം, വിവാഹമോചനം, ചെലവിനു ലഭിക്കൽ, സ്വത്തവകാശം, കുട്ടിയെ ദത്തെടുക്കൽ തുടങ്ങിയ കുടുംബ പ്രശ്നങ്ങൾ തുടക്കത്തിലേ പരിഹരിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഈ പ്രശ്നങ്ങൾ വളർന്നുവലുതായി ആത്മഹത്യയിലേയ്ക്ക് എത്തുകയില്ലായിരുന്നു. കുടുംബ കോടതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം പത്തുലക്ഷത്തിലധികം ജനസംഖ്യയുണ്ടാകണമെന്നതാണ്. എല്ലാ സാദ്ധ്യതകളുമുള്ള പാലക്കാട് ജില്ലയിൽ അടിയന്തിരമായി കുടുംബകോടതി അനുവദിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സംസ്ഥാനത്ത് ഇപ്പോൾ 9 കുടുംബ കോടതികൾ സ്ഥാപിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും കുടുംബകോടതി സ്ഥാപിക്കണമെന്നാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. പുതുതായി കുടുംബകോടതി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ അത് പരിശോധിച്ചു വരുന്നു. ഇപ്പോൾ ആലപ്പുഴ, പാലക്കാട്, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കുടുംബ കോടതികളില്ല. അവിടെ ഉടൻ ആരംഭിക്കാനുള്ള ശ്രമം ഗവൺമെന്റ് ഭാഗത്തുനിന്ന് ഉണ്ടാകുന്നതാണ്.

(7) പത്തനംതിട്ട-കൊല്ലം ജില്ലകളിലെ ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ

ശ്രീ. അടൂർ പ്രകാശ്: പമ്പ, അച്ചൻകോവിൽ നദികളിലെ വെള്ളം വിനിയോഗിച്ച് കോന്നി നിയോജക മണ്ഡലത്തിന്റെ കിഴക്കൻ മേഖലകളിൽ ടിൻകല്ലാർ എന്ന ജലവൈദ്യുത പദ്ധതി നടപ്പാക്കാൻ 1975-ൽ സർവ്വേ ആരംഭിച്ചു. 1200 ഏക്കറോളം വനഭൂമിക്ക് നഷ്ടം സംഭവിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി ഉപേക്ഷിക്കേണ്ടിവന്നു. ഈ പ്രദേശത്തെ മൂന്നു ചെറുകിട ജലവൈദ്യുത പദ്ധതികളായ ചെളിക്കല്ലാർ, വക്കലാർ, അച്ചൻകോവിലാർ എന്നിവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശം ഗവൺമെന്റ് ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): പമ്പ, അച്ചൻകോവിൽ നദികളിലെ ജലമുപയോഗിച്ച് വൈദ്യുതി ഉൽപ്പാദനം നടത്തുന്നതിനായി 1975-ൽ കെ. എസ്. ഇ. ബി. ഒരു ലഘു പ്രോജക്ട് തയ്യാറാക്കിയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതികാരണം ഏകദേശം 1200 ഹെക്ടർ വനഭൂമി വെള്ളത്തിലാകുമെന്നതിനാൽ ഗവൺമെന്റ് തുടർനടപടികളൊന്നും എടുത്തില്ല. പ്രസ്തുത പദ്ധതിക്കുപകരം നഷ്ടഭൂമിയുടെ അളവ് കുറച്ചു കൊണ്ട് അച്ചൻകോവിലാർ—30 മെഗാവാട്ട്, ചെളിക്കല്ലാർ—15 മെഗാവാട്ട്, വക്കല്ലാർ—16 മെഗാവാട്ട് എന്നീ പദ്ധതികൾ വിഭാവന ചെയ്ത് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ അച്ചൻകോവിലാർ, ചെളിക്കല്ലാർ എന്നീ പദ്ധതികളുടെ ഫീൽഡ് ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ജിയോളജിസ്റ്റിന്റെ റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്. ഇവയുടെ സി. പി. ആർ. ഒക്ടോബർ 2003-ന്നോടുകൂടി പൂർത്തിയാകുന്നതാണ്. വക്കല്ലാർ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുണ്ട്. ഈ പദ്ധതികൾക്ക് കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ ക്ലിയറൻസും പരിസ്ഥിതി ക്ലിയറൻസും ആവശ്യമാണ്. ഈ പദ്ധതികളുടെ പരിസ്ഥിതി ആഘാത പഠനം നടത്തുവാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ദേശീയ ജല വികസന ഏജൻസി, പമ്പാ, അച്ചൻകോവിൽ നദികളിൽ നിന്നും തമിഴ്നാട്ടിലേക്ക് വെള്ളം തിരിച്ചുവിടാൻ ഉദ്ദേശിച്ച് പമ്പാ അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതി ആവിഷ്കരിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ള സാഹചര്യത്തിൽ അച്ചൻകോവിലാർ, ചെളിക്കല്ലാർ, വക്കല്ലാർ എന്നീ പദ്ധതികൾ എത്രയും പെട്ടെന്ന് നടപ്പാക്കേണ്ടതിന് വർദ്ധിച്ച പ്രാധാന്യമുണ്ട്. കൂടാതെ 16-ാം പവ്വർ സർവ്വേ പ്രകാരം 2006-2007-ലെ കേരളത്തിലെ വൈദ്യുതിയുടെ ആവശ്യം നിറവേറ്റുന്നതിന് ഈ പദ്ധതികൾ ആവശ്യമാണ്.

(8) തലപ്പാടിയിൽ സ്ഥാപിക്കുന്ന കമാനത്തെക്കുറിച്ചുള്ള തർക്കം

ശ്രീ. കെ. വി. കുഞ്ഞിരാമൻ: കേരളത്തിന്റെയും, കർണ്ണാടകത്തിന്റെയും അതിർത്തിയായ തലപ്പാടിയിൽ ടൂറിസം ഡിപ്പാർട്ടുമെന്റ് ഒരു സ്വാഗത കമാനം നിർമ്മിക്കുവാൻ തീരുമാനിച്ചിരുന്നു. ഇത് ഇപ്പോഴവിടെ ക്രമസമാധാന പ്രശ്നവും വിവാദവുമായി മാറിയിരിക്കുകയാണ്. കേരളത്തിന്റെ യഥാർത്ഥ അതിർത്ഥിയിൽ നിന്നും 300 മീറ്റർ ഇങ്ങോട്ടുള്ള ദേശീയപാത കർണ്ണാടക ദേശീയപാതവിഭാഗത്തിന്റെ കീഴിലാണ്. നമ്മുടെ ഉദ്യോഗസ്ഥന്മാർ അതിർത്തിയിൽനിന്ന് 245 മീറ്റർ ഇങ്ങോട്ട് മാറിയാണ് ഈ സ്വാഗത കമാനം നിർമ്മിക്കാൻ ആദ്യം തീരുമാനിച്ചത്. പക്ഷെ, കർണ്ണാടക ദേശീയ പാതാ വിഭാഗം ഇടപെട്ടു, ദേശീയ പാതയുടെ അറ്റത്തുകൊണ്ടുപോയി സ്ഥാപിക്കണമെന്ന ആവശ്യമാണ് അവർ ഉന്നയിച്ചത്. കേരളത്തിന്റെയും കർണ്ണാടകത്തിന്റെയും വേർതിരിക്കപ്പെട്ട അതിർത്തിയിൽനിന്ന് 300 മീറ്റർ സ്ഥലം കർണാടകയ്ക്ക് കൈയടക്കാനാവശ്യമായ സൗകര്യമായി ഇത് ഉപയോഗപ്പെടുത്തി, പ്രശ്നം ഇന്ന് ജനങ്ങളും സംഘടനകളും ഏറ്റെടുത്തതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly